**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4734** **19-03-2025 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തങ്ങളുടേതല്ലാത്ത കാരണത്താൽ വാട്ടർ അതോറിറ്റിയുടെ വെള്ളക്കര കുടിശ്ശിക ഈടാക്കപ്പെട്ട സാഹചര്യം ഉണ്ടായാൽ ഉപഭോക്താവ് സമീപിക്കേണ്ടത് ഏതൊക്കെ ഓഫീസുകളെയാണെന്ന് വിശദമാക്കാമോ; | (എ) | വാട്ടർ ചാർജ് കുടിശ്ശിക സംബന്ധിച്ച പരാതികൾക്ക് ഉപഭോക്താവിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറെ സമീപിക്കാവുന്നതാണ്. ടി ഓഫീസിൽ പരാതി പരിഹരിച്ചില്ലെങ്കിൽ സബ് ഡിവിഷൻ ഓഫീസിലെ അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ഡിവിഷൻ ഓഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ റവന്യൂ ഓഫീസർ എന്നിവരെ സമീപിക്കാവുന്നതാണ്. തുടർന്നും പരാതി നിലനിൽക്കുന്നെങ്കിൽ സൂപ്രണ്ടിങ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ എന്നീ ഓഫിസ് മേധാവികൾക്കും തുടർന്നും പരാതി നിലനിൽക്കുന്നെങ്കിൽ മാനേജിങ് ഡയറക്ടർക്കും പരാതി സമർപ്പിക്കാവുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് ശ്രീ.സുബൈർ വൈദ്യർകണ്ടി, കുറ്റ്യാടി സമർപ്പിച്ച നിവേദനത്തിൽ ആശ്വാസകരമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | ശ്രീ വൈദ്യർകണ്ടി സുബൈറിന്റെ പേരിലുള്ള ART/514/D നമ്പർ വാട്ടർ കണക്ഷനിൽ 01/02/2012 മുതൽ 28/07/2018 വരെയുള്ള വാട്ടർ ചാർജ് കുടിശ്ശികയായ 56,003/- രൂപ അടയ്ക്കാത്തതിനാലാണ് 28/07/2018-ൽ കണക്ഷൻ വിച്ഛേദിച്ചത്. അധിക വാട്ടർ ചാർജ് ബില്ല് സംബന്ധിച്ച് ശ്രീ. വൈദ്യർകണ്ടി സുബൈർ ഉത്തര മേഖല ചീഫ് എഞ്ചിനീയർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 2020-ൽ നടന്ന റവന്യൂ അദാലത്തിൽ അദ്ദേഹത്തിന്റെ അപേക്ഷ പരിഗണിക്കുകയും, അദാലത്ത് ബഞ്ച് വാട്ടർ ചാർജ് കുടിശ്ശികയായ 56,053/- രൂപയിൽ നിന്നും 14,451/- രൂപ കുറവ് ചെയ്ത് 41,602/- രൂപയായി തീരുമാനിക്കുകയും, കൂടാതെ പ്രസ്തുത തുക 5 തവണകളായി അടക്കുന്നതിനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ, അദാലത്ത് തീരുമാനം പ്രസ്തുത ഉപഭോക്താവ് അംഗീകരിക്കാതിരിക്കുകയും 31/03/2021-ന് 10,000/- രൂപ വാട്ടർ ചാർജ് ഇനത്തിൽ അടയ്ക്കുകയും ചെയ്തു. തുടർന്നും കുടിശ്ശിക നിലനിൽക്കുന്നതിനാലാണ് 19/05/2023-ൽ റവന്യൂ റിക്കവറി നടപടികൾ |

| | | | |
|---|---|---|---|
| | | | ആരംഭിച്ചത്. റവന്യൂ വകുപ്പിന്റെ നിർദ്ദേശ പ്രകാരം 13/01/2024-ന് DD No. 436278, തീയതി: 06/09/2024 പ്രകാരം 4,163/- രൂപ ടിയാൻ അടച്ചിട്ടുണ്ട്. നിലവിൽ കൺസ്യൂമർ നമ്പർ: ART/514/D എന്ന വാട്ടർ കണക്ഷനിൽ 27,439/- രൂപ കുടിശ്ശികയുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച കഴിഞ്ഞ കണക്ഷനിൽ റവന്യൂ വകുപ്പ് അറിയാതെ കുടിശ്ശിക തുക ഈടാക്കുവാൻ പാടില്ലായെന്ന് റവന്യൂ റിക്കവറി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് കത്ത് പ്രകാരം ഉപഭോക്താവിനെ അറിയിച്ചിട്ടുള്ളതാകുന്നു.<br><br>പേരാമ്പ്ര സബ് ഡിവിഷന്റെ പരിധിയിൽ റവന്യൂ റിക്കവറിക്കായി ശുപാർശ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്കായി 2025 മാർച്ച് 22 ശനിയാഴ്ച ഒരു അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അദാലത്തിൽ പങ്കെടുക്കുന്നതിന് ശ്രീ സുബൈറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അദാലത്ത് ബെഞ്ച് ടി പരാതി വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ